e-mail: gssbsukc@yahoo.co.in

Phone: 0471-2351910
0471-2351911
0471-2392810
Fax: 0471-2351963

# സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ)

(അഫിലിയേറ്റഡ് ടു ഓൾ ഇന്ത്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷൻ)

കത്തുകൾ അയക്കേണ്ട വിലാസം
ജനറൽ സെക്രട്ടറി

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
ലോക്കൽ ഹെഡ് ഓഫീസ്
പൂജപ്പുര, തിരുവനന്തപുരം – 695 012

സർക്കുലർ നമ്പർ 81/21

തീയതി: 01.01.2021

## <u>പുതുവൽസരാശംസകൾ</u>

2020 അവസാനിക്കുകയാണ്.

മാനവരാശി ചരിത്രത്തിലിന്നേവരെ അനുഭവിച്ചിട്ടില്ലാത്ത ദുരിതങ്ങൾക്കാണ് പോയ വർഷം സാക്ഷിയായത്. ലോകത്തെമ്പാടുമായി ലക്ഷക്കണക്കിന് മനുഷ്യരാണ് കോവിഡ് മഹാമാരിക്ക് ഇരകളായിത്തീർന്നത്. രോഗ ഭീഷണി ഇപ്പോഴും നിലനിൽക്കുന്നു എന്ന് മാത്രമല്ല, ജനിതക മാറ്റം സംഭവിച്ച വൈറസിന്റെ സാന്നിദ്ധ്യം പുതിയ വെല്ലുവിളിയായി ഉയർന്നുവരികയും ചെയ്തിരിക്കുന്നു. രോഗ പശ്ചാത്തലത്തിൽ, പുതിയ വർഷം ഭാസുരമായിരിക്കണമെന്ന് അഭിലഷിക്കുക മാത്രമേ ഇപ്പോൾ കരണീയമായി തോന്നുന്നുള്ളൂ.

ഏത് പ്രതിസന്ധിയെയും അതിജീവിച്ച് മുന്നോട്ടു പോകാനുള്ള മനുഷ്യ വംശത്തിന്റെ സഹജമായ കഴിവ് പരീക്ഷിക്കപ്പെടുകയാണ്. അതിൽ വിജയിക്കുന്നുവെന്ന ആശാവഹമായ അനുഭവമാണ് മഹാമാരിയുടെ നാളുകൾ നമുക്ക് പകർന്നു തന്നത്.

നമ്മുടെ ഹൃദയത്തിൽ ചേർന്ന്നിൽക്കുന്നത് നാം പരിചയിച്ച മാനവഗീതം തന്നെയാണ്.

"ഒരു മഴയും തോരാതിരുന്നിട്ടില്ല
ഒരു കൊടുങ്കാറ്റും
ഒടുങ്ങാതിരുന്നിട്ടില്ല
ഒരു നോവും
മാറാതിരുന്നിട്ടില്ല
ഒരു രാവും പുലരാതിരുന്നിട്ടില്ല".

മനുഷ്യരക്ഷയിലും മാനവ ക്ഷേമത്തിലും പ്രതിജ്ഞാബദ്ധമായ ഭരണകൂടങ്ങൾക്കും ഭരണാധികാരികൾക്കും സ്വരാജ്യങ്ങളിലെ ജനങ്ങളെ ഒരളവോളം രക്ഷപ്പെടുത്താനായി. മുതലാളിത്ത മൂല്യമായ ലാഭത്തിൽ അഭിരമിക്കുന്ന രാജ്യങ്ങളിൽ കെടുതികളും ദുരിതങ്ങളും കുന്നു കൂടുകയാണുണ്ടായത്. ഇക്കാലത്ത് ലോകം തിരിച്ചറിഞ്ഞ ഒരു യാഥാർത്ഥ്യമാണത്. അതിന്റെ പ്രതിഫലനം കൂടിയാണ് അമേരിക്കയിലെ തെരഞ്ഞെടുപ്പിൽ ട്രംപിനുണ്ടായ തിരിച്ചടി.

ജനക്ഷേമവും സാമൂഹ്യ നന്മയും ഏതൊരു ഭരണാധികാരിയുടെയും ഉത്തരവാദിത്തമായിരിക്കണമെന്ന പാഠമാണ് മഹാമാരി ലോകത്തെ പഠിപ്പിക്കുന്നത്.

മഹാമാരിയെ, ജനങ്ങളെ കൊള്ളയടിക്കാനുള്ള, അദ്ധ്വാനിക്കുന്നവരുടെ അവകാശങ്ങൾ കവരാനുള്ള, മറയാക്കുന്ന അനുഭവങ്ങളും ഉണ്ട് . ഇന്ത്യയിലും അതിന്റെ രൂപങ്ങൾ നമുക്ക് കാണാനാകുന്നുണ്ട്. തൊഴിലാളികളെ കോർപറേറ്റുകളുടെ ദയക്ക് എറിഞ്ഞു കൊടുക്കുന്ന തൊഴിൽ നിയമ ഭേദഗതികൾ ഏകപക്ഷീയമായി നടപ്പാക്കുവാനാണ് കേന്ദ്ര സർക്കാർ തീരുമാനം. കർഷകരെ കൊർപറേറ്റ് കുത്തകകളുടെ അടിമകളാക്കുന്ന കാർഷിക നിയമങ്ങൾ മുന്നോട്ടു വെക്കപ്പെട്ടിരിക്കുന്നു. മഹാമാരിയോടൊപ്പം സർക്കാർ നയങ്ങളെയും എതിർത്തുകൊണ്ടുള്ള തൊഴിലാളി – കർഷക ചെറുത്തു നിൽപ്പ് മുന്നേറ്റങ്ങളാണ് ഈ ദശകാന്ത്യത്തിലെ രജത രേഖകളായി ആവേശം പകരുന്നത്.

ബാങ്കിങ് മേഖലയിലും കോർപ്പറേറ്റ് അനുകൂല പരിഷ്കാരങ്ങൾ ശക്തമായി അടിച്ചേൽപിക്കപ്പെടുകയാണ്. പൊതുമേഖലാ ബാങ്കിങ് സംവിധാനത്തിന്റെ മരണമണി മുഴങ്ങുന്ന അന്തരീക്ഷമാണ് നിലനിൽക്കുന്നത്. മൂന്നുവർഷമായി ജീവനക്കാർ പ്രതീക്ഷിച്ചിരിക്കുന്ന വേതനക്കരാർ, നിരവധി പ്രക്ഷോഭങ്ങൾക്കു ശേഷമാണെങ്കിലും തൃപ്തികരമായി നേടിയെടുക്കാനായി എന്നതാണ് 2020 ന്റെ നേട്ടങ്ങളിലൊന്ന്. ബാങ്കുകളിൽ പ്രഖ്യാപിച്ച അപ്രന്റീസ് നിയമനം പുനഃപരിശോധിക്കുവാൻ നാം ഉയർത്തിയ പ്രതിഷേധങ്ങൾ ബാങ്കുകളെ പ്രേരിപ്പിച്ചിട്ടുണ്ട്.

നമ്മുടെ സംഘടനയുടെ എട്ടാമത് ജനറൽ കൌൺസിൽ 2021 ഏപ്രിൽ മാസം നടത്താനുള്ള തീരുമാനത്തോടെ നാം മുന്നോട്ട് പോവുകയാണ്. വിവിധങ്ങളായ അനുബന്ധ പരിപാടികളിലടക്കം മുഴുവൻ അംഗങ്ങളുടെയും പങ്കാളിത്തം ഉറപ്പു വരുത്തണം.

പുതിയ വർഷവും ദശകവും വെല്ലുവിളികൾ നിറഞ്ഞതാണ്. മനുഷ്യരാശിയുടെ അതിജീവനത്തിനായുള്ള ഒരുക്കങ്ങൾ, അദ്ധ്വാനിക്കുന്നവർക്ക് മനുഷ്യരായിത്തന്നെ ജീവിക്കാനുള്ള അവകാശത്തിനു വേണ്ടിയുള്ള സമരങ്ങൾ..... ഇവയൊക്കെയാവും എല്ലാവർക്കും സുഖവും സന്തോഷവും ഉള്ള സാമൂഹിക നിർമിതിയെ നിശ്ചയിക്കുക.

അതിനായി നമുക്ക് ഒന്നിച്ചു മുന്നേറിയേ പറ്റൂ.

എല്ലാവർക്കും പുതുവൽസര ആശംസകൾ നേരുന്നു.

**എ. രാഘവൻ**
**ജനറൽ സെക്രട്ടറി**

| | |
|---|---|
| **STATE BANKS' STAFF UNION (KERALA CIRCLE) ……………………………………………** | **ZINDABAD** |
| **ALL INDIA STATE BANK OF INDIA STAFF FEDERATION…………………………….** | **ZINDABAD** |
| **NATIONAL CONFEDERATION OF BANK EMPLOYEES…………………………………** | **ZINDABAD** |
| **UNITED FORUM OF BANK UNIONS………………………………………………………** | **ZINDABAD** |
| **8th GENERAL COUNCIL…………………………………………………………………….** | **ZINDABAD** |
| **INQUILAB…………………………………………………………………………………….** | **ZINDABAD** |